(എ) ദേശീയ കായികമൽസരങ്ങളിൽ പങ്കെടുത്ത് വിജയിച്ച് തിരിച്ചെത്തിയ കായികതാരങ്ങളോട് അവഗണന കാണിച്ചുവെന്ന് ആരോപണമുണ്ടായിട്ടുണ്ടോ;

(ബി) ആരോപണം ശരിയാണെങ്കിൽ അനാസ്ഥ കാണിച്ച വരുടെ പേരിൽ എന്തെല്ലാം നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

മരാമത്തും സ്പോർട്സും വകുപ്പു മന്ത്രി (ശ്രീ. കെ. പങ്കജാക്ഷൻ):

(എ) അവഗണന കാണിച്ചുവെന്ന് ആരോപണമുന്നയിച്ച് ഒരു പരാതിയും ലഭിച്ചിട്ടില്ല. ചില പത്രവാർത്തകളുണ്ടായിരുന്നു.

(ബി) പത്രവാർത്തകളും ശരിയല്ലാതിരുന്നതുകൊണ്ട് നടപടികളുടെ പ്രശ്നം ഉദിക്കുന്നില്ല.

തീപ്പെട്ടി വ്യവസായത്തിന് ആവശ്യമായ സോഫ്റ്റ് വുഡ്

*484 [508] ശ്രീ. ടി.എ. മജീദ്:

,, എം.കെ. കേശവൻ:

,, ഇ.കെ. പിള്ള:

,, പി. ശങ്കർ:

,, പി.കെ. ശ്രീനിവാസൻ: താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും വനവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

തീപ്പെട്ടി വ്യവസായത്തിന് ആവശ്യമുള്ളിടത്തോളം സോഫ്റ്റ് വുഡ് ഉൽപ്പാദിപ്പിക്കുന്നതിന് പുതിയ പ്ലാന്റേഷനുകൾ ആരംഭിക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ?

വ്യവസായവും വനവും വകുപ്പു മന്ത്രി (ശ്രീ. പി.എസ്. ശ്രീനിവാസൻ):

നടപ്പു പഞ്ചവൽസര പദ്ധതിക്കാലത്ത് (1978-83) 5000 ഹെക്ടർ സ്ഥലത്ത് പുതിയതായി സോഫ്റ്റ് വുഡ് തോട്ടങ്ങൾ വെച്ചുപിടിപ്പിക്കാൻ വനംവകുപ്പിന് പദ്ധതിയുണ്ട്. കൂടാതെ വനം വികസന കോർപ്പറേഷനും ഈ കാലയളവിൽ 2000 ഹെക്റ്റർ സ്ഥലത്ത് സോഫ്റ്റ് വുഡ് തോട്ടങ്ങൾ വെച്ചുപിടിപ്പിക്കുന്നതാണ്.

വനവിഭവങ്ങളുടെ കയറ്റുമതി

*485 [509] ശ്രീ. എസ്. തങ്കപ്പൻ പിള്ള:

,, വട്ടിയൂർക്കാവ് രവി:

,, ആർ. സുന്ദരേശൻ നായർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വനവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly